ഉത്തരം

(എ) മദ്യപാനംമൂലം 2002 വർഷത്തിൽ '61'-ഓളം വാഹന അപകടങ്ങൾ ഉണ്ടായി. അതിൽ 5-ഓളം പേർ മരണപ്പെട്ടിട്ടുണ്ട്.

(ബി) '5'-ഓളം പേർക്ക് അംഗഭംഗം നേരിടുന്നു.

(സി&ഡി) 2002 വർഷത്തിൽ മദ്യപിച്ച് വാഹനമോടിച്ചതിനും മറ്റുമായി 6293 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

തീർപ്പ് കൽപ്പിക്കാതെ കിടക്കുന്ന മോട്ടോർ അപകട നഷ്ടപരിഹാര കേസുകൾ

50 (3002) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 മാർച്ച് വരെ തീർപ്പുകൽപ്പിക്കാതെ കിടക്കുന്ന എത്ര മോട്ടോർവാഹന അപകട നഷ്ടപരിഹാര കേസുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ ഒരുവർഷത്തിലേറെ പഴക്കമുള്ള എത്ര അപേക്ഷകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1,54,596 കേസുകൾ.

(ബി) ഇവയിൽ ഒരുവർഷത്തിലേറെ പഴക്കമുള്ള 96840 കേസുകൾ തീർപ്പാക്കാനുണ്ട്.

ആദിവാസി യുവാവ് എൻ. സാബുവിന്റെ കൊലപാതകം

51 (3003) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിൽ ഉറുകുന്ന് ആദിവാസി കോളനിയിൽ എൻ. സാബുവിന്റെ കൊലപാതകം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കൊലപാതകം തെളിയിക്കുന്നതിന് വ്യക്തമായ തെളിവുകൾ ഉണ്ടായിട്ടും പോലീസിന്റെ ഭാഗത്തുനിന്ന് ഗൗരവമായ അന്വേഷണം നടക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) ഇപ്പോൾ ഈ കേസ് അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ കേസ് അന്വേഷണം ക്രൈംബ്രാഞ്ച് പോലീസിന് കൈമാറണമെന്ന ഹർജ്ജി ലഭിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ എത്രയും വേഗം ആയതിലേക്ക് നടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഒരു ആദിവാസി യുവാവിന്റെ കൊലപാതകക്കേസ് എന്ന പരിഗണനയിൽ അന്വേഷണം ഗൗരവതരമായി നടത്തുവാൻ പ്രത്യേക നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ തെൻമല ഗ്രാമപഞ്ചായത്തിലെ ഉറുകുന്ന് ആദിവാസി കോളനിയിൽ എൻ. സാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് തെൻമല പി.എസ്.ക്രൈം 143/00, യു/എസ്. 174, സി.ആർ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തിവരുന്നു. നാളിതുവരെയുള്ള അന്വേഷണത്തിൽ ഇത് കൊലപാതകമാണെന്നുള്ള തെളിവുകളൊന്നും ലഭ്യമായിട്ടില്ല.

(ബി&സി) മരണപ്പെട്ട ബാബുവിന്റെ സഹോദരിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ പുനലൂർ ഡി.വൈ.എസ്.പി. ഊർജ്ജിതമായി പ്രത്യേക പരിഗണന നൽകി അന്വേഷണം നടത്തിവരുന്നുണ്ട്.

(ഡി&ഇ) കേസ് ക്രൈംബ്രാഞ്ചിന് കൈമാറണമെന്ന് മരണപ്പെട്ട ബാബുവിന്റെ സഹോദരിയുടെ പരാതിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. പുനലൂർ ഡി.വൈ.എസ്.പി. ഊർജ്ജിതമായി പ്രത്യേക പരിഗണന നൽകി അന്വേഷണം നടത്തിവരുന്നതിനാൽ കേസ് ക്രൈം ബ്രാഞ്ചിന് കൈമാറേണ്ട ആവശ്യകത ഇപ്പോൾ കാണുന്നില്ല.

(എഫ്) പ്രത്യേക പരിഗണന നല്കി ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നുണ്ട്.

ആദിവാസി യുവാവിന്റെ മരണം സംബന്ധിച്ച അന്വേഷണം

52 (3004) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ തെന്മല പഞ്ചായത്തിൽ ഉറുകുന്ന് ആദിവാസി കോളനിയിൽ എൻ. ബാബുവെന്ന ആദിവാസി യുവാവിന്റെ കൊലപാതകം സംബന്ധിച്ച പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) കേസന്വേഷണത്തിൽ അലംഭാവമുണ്ടെന്ന പരാതിയിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഈ കേസ് അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly